



മലയാളം പാട്ടുപുസ്തകം

# പൊയ്മുഖങ്ങൾ

## അഭിനേതാക്കൾ

പ്രേംനസീർ, ജോസ്, ബഹദൂർ, റ്റി. കെ. ബാലചന്ദ്രൻ
റ്റി. എസ്. മുത്തയ്യാ, വഞ്ചിയൂർ മാധവൻനായർ,
ഗോവിന്ദൻകുട്ടി, സി. പി. കിട്ടൻ, രേതൻ
ജയഭാരതി, ഓമന, ശ്രീലത, പാലാതങ്കം, ഗീത
മുതലായവർ അഭിനയിച്ചത്

## തിരക്കുപിന്നിൽ

| | |
|---|---|
| കഥ | ബി. എൻ. കുമാർ |
| തിരക്കഥ, സംഭാഷണം | ജഗതി |
| ഗാനം | പി. ഭാസ്കരൻ |
| സംഗീതം | വി. ദക്ഷിണാമൂർത്തി |
| നൃത്തം | ഇ. മാധവൻ |
| പ്രോസസിംഗ് | പ്രീമിയർ ലാബ് മൈസൂർ |
| ചിത്രസന്നിവേശനം | കെ. നാരായണൻ |
| മേക്കപ്പ് | സോമൻ |
| വസ്ത്രാലങ്കാരം | ശങ്കർ |
| സ്റ്റണ്ട് | ത്യാഗരാജൻ |
| നിശ്ചലച്ഛായാഗ്രഹണം | ഗോപൻനായർ |
| പ്രൊഡക്ഷൻ നിർവഹണം | വിജയൻ |
| ഛായാഗ്രഹണം സംവിധാനം | ബി എൻ പ്രകാശ് |
| നിർമ്മാണം | ടി കെ ബാലചന്ദ്രൻ |

**വിമലാ റിലീസ്**

# പൊയ്മുഖങ്ങൾ

## കഥാചുരുക്കം

മലങ്കര ഗ്രാമത്തിലെ മാധവിയമ്മയുടെ മകളാണ് ലക്ഷ്മി. മകളെ തന്റെ ചേട്ടന്റെ മകനായ രാഘവനെകൊണ്ട് കെട്ടിക്കാൻ മാധവിയമ്മ ഉറച്ചിരിക്കയാണ്. ലക്ഷ്മിക്ക് രാഘവനെ ജീവനാണ്.

ആ ഗ്രാമത്തിലെ പ്രഭുവായ വിക്രമൻനായരുടെ കണ്ണുകൾ ലക്ഷ്മിയിൽ പതിച്ചു. ചതുർവിധ ഉപായങ്ങളാൽ അവളെ തനതാക്കാൻ അയാൾ ശ്രമിച്ചു. പക്ഷെ അയാളുടെ പരിശ്രമങ്ങൾ നിഷ്പ്രഭമായിപ്പോയി രാഘവന്റെ കരുത്തുററ കരങ്ങളുടെ മുന്നിൽ

ആ വ്യാഘ്രത്തിന്റെ വായിൽനിന്ന് ലക്ഷ്മിയെന്ന മാൻപേടയെ രാഘവൻ രക്ഷിച്ചു, പക്ഷേ അവിചാരിതമായ അത്യാഹിതം രാഘവൻ നേരിടേണ്ടിവന്നു.

അത്യുഗ്രമായ ആ മഴയിൽ മലയടിവാരത്ത് ചേട്ടനെ തനിയെ വിട്ടിട്ട് അവൾ പോരേണ്ടിവന്നു. ചേട്ടനെ രക്ഷിക്കാനുള്ള വഴിതേടി.

അവൾ ചെന്നുപെട്ടത് എസ്റേററുടമയായ രവിയുടെ മുൻപിലാണ്. എന്നാൽ അവിടെ തനിക്കും തന്റെ ചേട്ടനും ലഭിച്ച സഹായങ്ങൾ അവളെ അന്ധാളിപ്പിച്ചു. ഇത്ര നല്ല മനുഷ്യരും ഈ ലോകത്തുണ്ടോ?

അടുത്ത ദിവസം രാവിലെ കാര്യം വ്യക്തമായി.

ലക്ഷ്മിയെപ്പോലെ രൂപസാദൃശ്യമുള്ള തന്റെ ഭാര്യയുടെ വേർപാടിൽ ദുഃഖിതനായരവി കുറച്ചുകാലത്തേക്ക അയാളുടെ ഭാര്യയായി അഭിനയിക്കാൻ ലക്ഷ്മിയോട്ട് ആവശ്യപ്പെട്ടു. ലക്ഷ്മി അതിന്നു വഴങ്ങുമോ? തന്റെ ജേഷ്ഠന്റെ ജീവരക്ഷകനും, തന്റെ അഭിമാനം കാക്കാനും ചെയ്തേ തീരൂ എങ്കിലും മറെറാരാളുടെ ഭാര്യയായി അഭിനയിക്കുകയോ? ഇത്രയും സഹായങ്ങൾ തന്നിക്കും തന്റെ ചേട്ടനും ചെയ്തുതരുന്ന ആ മനുഷ്യന്റെ പെററമ്മയുടെ ജീവനും, ആ മനുഷ്യന്റെ അന്തസ്സും, അഭിമാനവും തന്റെ ഒരു സമ്മതത്തിൽ തൂങ്ങി നിൽക്കുകയാണ്. എങ്കിലും തന്റെ ചേട്ടനും ഈ ബംഗ്ളാവിൽ ഉള്ളപ്പോൾ? ഇങ്ങനെ നൂറു നൂറു ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കും നടുവിൽ അവൾ നട്ടം തിരിഞ്ഞു.

ഒടുവിൽ വഴങ്ങിയോ? എങ്ങിനെ?

അതിന്റെ ഫലം എന്തായിരുന്നു?

# പൊയ്മുഖങ്ങൾ

## ഗാനം 1

ഗാനം — പി ഭാസ്ക്കരൻ പാടിയതു് — യേശുദാസ്

ചുണ്ടത്തെ — പുഞ്ചിരി

ചുണ്ടത്തെ പാത്രത്തിൽ സൂക്ഷിച്ച പുഞ്ചിരി
പഞ്ചാര പായസമാർക്കുവേണ്ടി

(ചുണ്ടത്തെ)

കണ്ടുമുട്ടീടുന്ന കാമുകനും ക്ഷുഭം
കൊണ്ടു കൊടുത്തേക്കല്ലെ സുന്ദരി
കോലചതി ചെയ്തേക്കല്ലെ

പണ്ടത്തെ തേഴനീ പെണ്ണിന്റെ ചുററിലും
വണ്ടായി ചുററീടുന്നു രാപകൽ
വണ്ടായി ചുററീടുന്നു.

(പണ്ടത്തെ)

നാലാളെ കാണുമ്പോൾ
നാണിച്ചു മണ്ടുന്ന
നാരായണക്കിളി കൊച്ചുപെണ്ണേ

(നാലാളെ)

തോളത്തുമുട്ടുന്ന നീലച്ചു ലോലാക്ക്
താളത്തിൽ ആടുമന്നേരം എന്തൊരു
ഹാലാണു കണ്ടു നിൽക്കാൻ.......
കന്നിവെയിലത്തെ അന്നനടക്കാരീ
നിന്നെ ഞാൻ സ്വന്തമാക്കും എന്റെയീ
കണ്ണാണെ സ്വന്തമാക്കും

(പണ്ടത്തെ)

## ഗാനം 2

ഗാനം – പി. ഭാസ്കരൻ    പാടിയതു് – ജയചന്ദ്രൻ

ആയിരം പൂക്കൾ വിരിയട്ടെ
ആയിരം വണ്ടുകൾ മുകരട്ടെ
ആനന്ദസംഗീതസാഗരവീചിയിൽ
ആയിരം മേനികൾ ഉലയട്ടെ

(ആയിരം)

സ്വപ്നങ്ങൾ പുഷ്പിക്കും പ്രമദവനത്തിൽ
ഉൽപല ബാണന്റെ മദിരോത്സവം
പാനപാത്രം നിറയട്ടെ
പാണിയും പാണിയും ചേരട്ടെ.

(ആയിരം)

ഗീ നാദവും താളവും ഗംഗയായ് യമുനയായ്
ചേരുമീ സങ്കൽപ്പ സംഗമത്തിൽ
താമരപ്പൂവമ്പൻ തീർത്തൊരാ വേദിയിൽ
താരുണ്യ ശ്രൂപങ്ങൾ ഒഴുകട്ടെ.

(ആയിരം)

## ഗാനം 3

ഗാനം പി. ഭാസ്കരൻ   പാടിയത് – എസ്. ജാനകി

അമ്മേ ... അമ്മേ
എല്ലാം കാണുന്നൊരമ്മേ
അല്ലൽ കൊടുംതീയിൽ വേവുമ്പോൾ നിൻപദ
മല്ലാതാശ്രയമെന്തുണ്ടമ്മേ ...

(എല്ലാം)

കോടാനുകോടിയെ കാത്തുരക്ഷിക്കുന്ന
കോടിലിംഗപുരത്തമ്മേ
കാരുണ്യവാരിദ വർഷപൂരം ആദി –
കാരിണീ നീയെന്നിൽ തൂകൂ

(എല്ലാം)

ആദിപരാശക്തിയാനന്ദഭൈരവി
ജ്യോതി സ്വരൂപിണിയമ്മേ
എല്ലാരുമേ വെടിഞ്ഞാശ്രയഹീനയായ്
എങ്ങോട്ടുപോകും ഞാൻ അമ്മേ ...

(എല്ലാം)

ആത്മാധിനാഥനും ഞാനുമിപ്പാരിൽ
ആശ്വാസസങ്കേതം തേടി...
ആശ്രിത വൽസലേയംബേ ഭഗവതി
നിൻപാദസന്നിധി പൂകി

(എല്ലാം)

## ഗാനം 4

ഗാനം — പി. ഭാസ്കരൻ   പാടിയത് — ബ്രഹ്മാനന്ദൻ

മന്മഥമന്ദിരത്തിൽ പൂജാ... ഇന്നു
മധുരരാഗപൂജാ
കണ്മുന തെല്ലുകൾ കൈത്തിരി കൊളുത്തുന്ന
കാമുക സങ്കൽപ്പ പൂജാ (മന്മഥ)

സ്വപ്നത്തിൻ കോവിൽ നടതുറന്നു
സ്വർഗ്ഗീയ ചന്ദ്രികാദ്യുതി പരന്നു
മഴവിൽ വനമാല കോർത്തുചാർത്തിയ
മധുമാസം പൂക്കട നിറച്ചുവന്നു (മന്മഥ)

ഈ രാഗ ഗാനത്തിൻ ഈരടിയിൽ
ആരാധനയുടെ മണിമുഴങ്ങി
ഹൃദയം തീർക്കുമീ പുണ്യപീഠത്തിൽ
ജീവേശ്വരി നിന്നെ കുടിയിരുത്തി (മന്മഥ)

മോഹിക്കും മനസ്സിലെ കൽപ്പനകൾ
രാഗസങ്കീർത്തനവരികൾ പാടി
കനകതാരകൾ കൈകൂപ്പുമീ
കൈവല്യനിലയത്തിൽ ദേവി നീയേ (മന്മഥ)

## ഗാനം 5

ഗാനം പി. ഭാസ്കരൻ   പാടിയത് — എസ് ജാനകി

അഭിനയ ജീവിത നാടകത്തിൽ
അഭിനയിക്കാൻ അറിയാത്തവളേ
എന്തിനു നീയീയരങ്ങിലെത്തി
എങ്ങനെ നിനക്കീ വേഷം കിട്ടി (അഭിനവ)

നെഞ്ചിൽ കൊടും തീജ്വലിക്കുമ്പോഴും
ചുണ്ടിൽ വിരിയണം മന്ദഹാസം
കണ്ണീരിലെ പേമഴ മറച്ചുവെച്ചു
കണ്ണും പാടണം മധുരഗാനം (അഭിനവ)

പെററമ്മപോലും അടുത്തുവന്നു
കെട്ടിപ്പിടിക്കുവാൻ കരങ്ങൾ നീണ്ടു.
നാട്യത്തിൻ കാലുകൾ ഒഴിഞ്ഞുമാറി
നാടകവേദിയിൽ ഞാൻപുകഞ്ഞുനീറി (അഭിനവ)

# നവംബർ 30-ാം തീയതി മുതൽ



സുപ്രിയ എൻറർ പ്രൈസസിന്റെ

# മാധവിക്കുട്ടി

സംവിധാനം തോപ്പിൽഭാസി

Nagative right controlled by Vimala Films, Kottayam

Associated Printers, Kottayam.